**<u>ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം,</u>**
**<u>തിരുവനന്തപുരം</u>**

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - ശ്രീ. ഫസലുദ്ദീൻ എം., ജൂനിയർ സൂപ്രണ്ട് -ന് സീനിയർ സൂപ്രണ്ട് തസ്തികയിൽ പ്രൊമോഷൻ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1)ഗസറ്റ് നോട്ടിഫിക്കേഷൻ നമ്പർ: ഇഎസ്2-26040/2024/ആ.വ.ഡ., തീയതി: 04/04/2025.

2)കുറിപ്പ് നമ്പർ: ആ.വ.ഡ./26040/2024-ഇഎസ്2, തീയതി: 08/04/2025.

3)ഉത്തരവ് നം. ആ.വ.ഡ./3714/2025-ഇ.ഡി.3, തീയതി: 07/05/2025.

4)ഉത്തരവ് നം. ആ.വ.ഡ/3714/2025-ഇ.ഡി.3, തീയതി:21/05/2025.

5) ഉത്തരവ് നം. DHS/5/2025-ED1, Dated: 21/05/2025.

**<u>ഉത്തരവ് നം : ആ.വ.ഡ./3714/2025-ഇഡി3, തീയതി : 12-06-2025</u>**

സീനിയർ സൂപ്രണ്ട് / ലേ സെക്രട്ടറി & ട്രഷറർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായുള്ള 2025 -ലെ പരാമർശം (1) പ്രകാരമുള്ള സെലക്റ്റ് ലിസ്റ്റിൽ ക്രമനമ്പർ 5 ആയി ഉൾപ്പെട്ടിരുന്ന ശ്രീ. ഫസലൂദ്ദീൻ എം. -ന്, 51,400 – 1,10,300 രൂപ ശമ്പള സ്കെയിലിൽ സ്ഥിര അടിസ്ഥാനത്തിൽ KS&SSR -ന്റെ ഭാഗം II -ൽ ചട്ടം 28(b)(i) പ്രകാരം ലേ സെക്രട്ടറി & ട്രഷറർ തസ്തികയിൽ നിയമനം നൽകി കണ്ണൂർ ജില്ലയിലെ തലശ്ശേരി ജനറൽ ആശുപത്രിയിൽ നിയമിച്ചിരുന്നു. എന്നാൽ ശ്രീ. സനൻ ബി., ലേ സെക്രട്ടറി & ട്രഷറർക്ക് സസ്പെൻഷനു ശേഷം പുനർനിയമനം നൽകേണ്ട സാഹചര്യത്തിൽ പ്രസ്തുത തസ്തികയിൽ ഒഴിവില്ലാഞ്ഞതിനാൽ ശ്രീ. ഫസലുദ്ദീൻ എം., ലേ സെക്രട്ടറി & ട്രഷററെ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് revert ചെയ്തുകൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നതും, പരാമർശം (5) പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിയമനം നൽകിയിരുന്നതുമാണ്.

നിലവിൽ സീനിയർ സൂപ്രണ്ട് / ലേ സെക്രട്ടറി & ട്രഷറർ തസ്തികയിൽ ഒഴിവ് ഉണ്ടായ സാഹചര്യത്തിൽ ശ്രീ. ഫസലുദ്ദീൻ എം. (പെൻ: 208660) -ന് ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ നിലവിൽ ഒഴിവുള്ള സീനിയർ സൂപ്രണ്ട് തസ്തികയിൽ 51,400 – 1,10,300 രൂപ ശമ്പള സ്കെയിലിൽ സ്ഥിര അടിസ്ഥാനത്തിൽ KS&SSR -ന്റെ ഭാഗം II -ൽ ചട്ടം 28(b)(i) പ്രകാരം വീണ്ടും പ്രൊമോഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീ. ഫസലുദ്ദീൻ എം. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ ഒരു വർഷ കാലയളവിനുള്ളിൽ ആറ് മാസത്തെ പ്രൊബേഷൻ കാലയളവ് തൃപ്തികരമായി പൂർത്തീകരിക്കേണ്ടതും, യഥാസമയം ആർ.റ്റി.സി. സമർപ്പിക്കേണ്ടതുമാണ്.

Signed by
Reena K J
Date: 12-06-2025 21:39:07

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്: ശ്രീ. ഫസലുദ്ദീൻ എം., ജൂനിയർ സൂപ്രണ്ട്, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്.
3. സൂപ്രണ്ട്, ബിൽ സെക്ഷൻ.
4. ഫയൽ /കരുതൽ ഫയൽ.